# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1145 04.02.2019 ൽ മറുപടിക്ക്**

## എരഞ്ഞോളി പാലം നിർമ്മാണം

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എ. എൻ. ഷംസീർ** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| തലശ്ശേരി നിയോജക മണ്ഡലത്തിലെ എരഞ്ഞോളി പാലം നിർമ്മാണപ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് അറിയിക്കാമോ; ആയത് പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാന ജലപാതയുടെ നിയമാവലിക്ക് വിധേയമായി പാലത്തിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ഡിസൈൻ അനുസരിച്ച് പാലത്തിന്റെ പ്രവൃത്തി കരാറുകാരൻ പുനരാരംഭിച്ചിട്ടുണ്ട്. പുതുക്കിയ ഡിസൈൻ പ്രകാരം 32 മീറ്റർ സ്പാൻ കൂടാതെ 15 മീറ്ററിന്റെ 2 സ്പാനുകൾ ഇരു ഭാഗങ്ങളിൽ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിനു മുന്നോടിയായി ഫൗണ്ടേഷനു വേണ്ടിയുള്ള മണ്ണ് പരിശോധനയും പൈൽ ലോഡ് ടെസ്റ്റിംഗും പൂർത്തീകരിച്ചു. പുതുക്കിയ ഡിസൈൻ പ്രകാരം പാലത്തിന്റെ തൂണുകളുടെ ഉയരം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നിലവിൽ പണി പൂർത്തീകരിച്ച തൂണുകൾ പൊളിച്ച് പുതുക്കി പണിയുന്നതിനുള്ള പ്രവൃത്തി നടന്നു വരുന്നു. പുതുതായി നിർമ്മിക്കേണ്ട തൂണുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്.<br><br>**ഭൂമി ഏറ്റെടുക്കൽ നടപടി**<br><br>പാലത്തിന്റെ അനുബന്ധ/സർവ്വീസ് റോഡുകൾക്കായുള്ള സ്ഥലമേറ്റെടുപ്പ് പ്രക്രിയയുടെ 11(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെന്റ് പ്രസ് തിരുവനന്തപുരത്തിന് 16.01.2019നു റവന്യൂ |

അധികൃതർ സമർപ്പിച്ചിട്ടുണ്ട്. വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനു ശേഷം 15 ദിവസത്തിനുള്ളിൽ പരാതി ഉണ്ടെങ്കിൽ അത് പരിഹരിച്ച് സർവ്വേ ചെയ്ത് ഏറ്റെടുക്കേണ്ട ഭൂമി സംബന്ധിച്ച് അടിസ്ഥാന ഭൂവിലയും. കെട്ടിടങ്ങളുടെയും, ഉഭയങ്ങളുടെയും വില ഉൾപ്പെടെയുള്ള രേഖ തയ്യാറാക്കി കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കും. അംഗീകാരത്തിനു ശേഷവും സർവ്വെ സൂപ്രണ്ട് സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷവും സെക്ഷൻ 19 പ്രകാരം ഗസറ്റിലും, ദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തും. തുടർന്ന് വിശദമായ വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കും. ഏറ്റെടുക്കുന്ന ഭൂമിയുടെ അവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതിന് കക്ഷികൾക്ക് നോട്ടീസ് നൽകുകയും തുടർന്ന് ഡ്രാഫ്റ്റ് അവാർഡ് തയ്യാറാക്കി ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും അംഗീകാരത്തിനു ശേഷം അവാർഡ് പ്രഖ്യാപിക്കുകയും നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കുകയും ചെയ്യുന്നു.

S. Bindu

സെക്ഷൻ ഓഫീസർ